LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം

158 (2993) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ ഏത്ര വീതമെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകൾ എത്ര ; അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15, 2015-16 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും ലഭിച്ച അപേക്ഷകളുടെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കൃഷി ഭവൻ	2014-15	2015-16
പുന്നപ്ര സൗത്ത്	345	110
പുന്നപ്ര നോർത്ത്	610	127
അമ്പലപ്പുഴ നോർത്ത്	1140	422
അമ്പലപ്പുഴ സൗത്ത്	1425	610
പുറക്കാട്	217	326
അമ്പലപ്പുഴ മുനിസിപ്പാലിറ്റി	688	285
ആകെ	**4425**	**1880**

(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണം ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്

159 (2994) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;